(സി) ഇപ്രകാരം ഒരു വിംഗ് വ്യവസായ വകുപ്പിൽ ഇല്ലാത്ത പക്ഷം ഇപ്രകാരമൊരു വിംഗ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ)&(ബി)പ്രത്യേകമായൊരു വിംഗ് ഇല്ല. വ്യവസായ വകുപ്പിലെ എല്ലാ വിംഗുകളും വ്യവസായ വികസനത്തിനായി പ്രവർത്തിച്ചു വരുന്നു.

(സി) ഇപ്പോൾ നിലവിലുള്ള എല്ലാ വിംഗുകളുടെയും പ്രവർത്തനം വ്യവസായ വികസനത്തിന് ഉതകുന്നതാണ്.

ഫൈനാൻസിംഗ് ഏജൻസികളിൽ നിന്ന് എടുക്കുന്ന വായ്പ

5 (2061)ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. ജോർജ്ജ്. ജെ. മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഫൈനാൻസിംഗ് ഏജൻസികളിൽ നിന്നും വായ്പയെടുത്ത് വ്യവസായങ്ങളാരംഭിച്ചിട്ട് പണം തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിട്ടുള്ള എത്ര പേർ സംസ്ഥാനത്തുണ്ട്;

(ബി) ഇവരെ സഹായിക്കുവാൻ സർക്കാരിന് എന്തെങ്കിലും പദ്ധതി ഉണ്ടോ;

(സി) എങ്കിൽ എന്തെല്ലാം എന്ന് വിശദീകരിക്കുമോ;

(ഡി) ഈ പദ്ധതിയനുസരിച്ച് ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര പേരെ സഹായിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉദ്ദേശം 2275 പേർ.

(ബി) സർക്കാർ പദ്ധതികൾ ഒന്നും നിലവിലില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

വ്യവസായ വികസനത്തിന് വിദേശ പങ്കാളിത്തം

6 (2062)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വ്യവസായ വികസനവും കയറ്റുമതിയും ലക്ഷ്യമിട്ടു കൊണ്ട് എത്ര വ്യവസായ പാർക്കുകളും മറ്റ് സ്വതന്ത്ര വ്യവസായ ഏരിയാ കളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly